**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.3006

15/12/2015 ൽ
മറുപടിയ്ക്ക്

## നെന്മാറ നിയോജകമണ്ഡലത്തിലെ പട്ടയം

| ചോദ്യം<br>ശ്രീ.വി. ചെന്താമരാക്ഷൻ | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) നെന്മാറ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ ഏത് വർഷം വരെയുള്ളവ തീർപ്പാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) റവന്യൂ ഉടമസ്ഥതയിലുള്ള ഭൂമി പതിവ് അപേക്ഷകളിൽ 2010 വരെയുള്ളവ തീർപ്പാക്കിയിട്ടുള്ള വയാണ്. റബ്ബർ പ്ലാന്റേഷൻ, മലയോരഭൂമി, വനഭൂമി എന്നിവയിലുൾപ്പെട്ട അപേക്ഷ കളിൽ ഭൂമി പതിവ് ചട്ടം അനുശാസിക്കുന്നവയിൽ കൂടുതൽ ഭൂമി കൈവശമുള്ള അപേക്ഷകളിൽ 10 വർഷത്തിൽ കൂടുതൽ കാലയളവുള്ള അപേക്ഷകൾ തുടങ്ങിയവ തീർപ്പായിട്ടില്ലാത്ത വയുണ്ട്. |
| (ബി) ഓരോ പഞ്ചായത്തിലും ഇനി തീർപ്പാക്കാനുള്ള അപേക്ഷകളെ സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) മുതലമട–29, എലവഞ്ചേരി-3, നെന്മാറ-31, അയിലൂർ-5, കയറാടി-29, പല്ലശ്ശന-10, കൊല്ലങ്കോട്-9, വല്ലങ്ങി-71, നെല്ലിയാമ്പതി-86, തിരുവാഴിയാട്-10 |
| (സി) പട്ടയവിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. വില്ലേജ് ഓഫീസർ മാർക്ക് അടിയന്തിരമായി റിപ്പോർട്ട് നൽകുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്, കൂടാതെ നടപടി പൂർത്തിയായവ ലാന്റ് അസൈൻമെന്റ് കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിക്കു ന്നതിനുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തുന്നുമുണ്ട്. |

| | |
|---|---|
| (ഡി) മുതലമട പഞ്ചായത്തിലെ ഹിയറിംഗ് കഴിഞ്ഞ എത്ര പ്രസ്തുത അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്; ആയത് എന്ന് ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) മുതലമട ഗ്രാമപഞ്ചായത്തിൽ ഭൂമി പതിവ് കമ്മിറ്റി പാസ്സാക്കിയ കേസുകൾ ബാക്കിയില്ലാത്തതാണ്. നിലവിൽ 29 അപേക്ഷകൾ ബാക്കിയുണ്ട്. ആയതിന്മേൽ ത്വരിതഗതിയിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ